**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 504** **25-03-2025 - ൽ മറുപടിയ്ക്ക്**

**സംസ്ഥാനത്തെ അനിയന്ത്രിതമായ വിലക്കയറ്റം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. റോജി എം. ജോൺ ,<br>ശ്രീ. പി. സി. വിഷ്ണുനാഥ്,<br>ശ്രീ. സി. ആർ. മഹേഷ്,<br>ശ്രീമതി കെ. കെ. രമ | | ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | 2025 ഫെബ്രുവരിയിൽ സംസ്ഥാനത്തെ വിലക്കയറ്റ നിരക്ക് 2025 ജനുവരിയെക്കാൾ ഉയർന്നു എന്ന സെൻട്രൽ സ്റ്റാറ്റിസ്റ്റിക്കൽ ഓഫീസിന്റെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | 2025 ജനുവരി മാസവുമായി താരതമ്യം ചെയ്യുമ്പോൾ ഫെബ്രുവരി മാസത്തിൽ വിലക്കയറ്റ നിരക്കിൽ കേരളത്തിൽ അര ശതമാനത്തിന് അല്പം മുകളിലുള്ള വർദ്ധനവ് ഉണ്ടായിട്ടുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | ദേശീയതലത്തിൽ വിലക്കയറ്റത്തിന്റെ തോത് കുറയുമ്പോൾ സംസ്ഥാനത്ത് അനിയന്ത്രിതമായി വിലക്കയറ്റം ഉണ്ടാകുന്നതിന്റെ കാരണം വിശദമാക്കുമോ? | (ബി) | വിലക്കയറ്റ നിരക്ക് കണക്കാക്കുന്നത് ഉപഭോക്തൃവില സൂചിക ഉപയോഗിച്ചാണ്. കേന്ദ്ര സർക്കാരാണ് പ്രസ്തുത സൂചിക തയ്യാറാക്കുന്നത്. പ്രസ്തുത സൂചിക പ്രകാരം ജനുവരി മാസത്തെ അപേക്ഷിച്ച് ഫെബ്രുവരിയിൽ 0.55 ശതമാനത്തിന്റെ നേരിയ വർദ്ധനവ് മാത്രമാണ് ഉണ്ടായിട്ടുള്ളത്. സംസ്ഥാനത്ത് അനിയന്ത്രിതമായ വിലക്കയറ്റം ഉണ്ടാകുന്നുവെന്ന ഒരു സാഹചര്യം ഇല്ലായെന്നാണ് പ്രസ്തുത കണക്കുകൾ വ്യക്തമാക്കുന്നത്. കേരളത്തിന്റെ ജീവിത നിലവാരം മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. തൊഴിലാളികൾക്ക് മികച്ച വേതന ഘടനയുള്ള സംസ്ഥാനമാണ് കേരളം. തന്മൂലം ചെലവഴിക്കൽ ശേഷി ജനങ്ങൾക്ക് മറ്റ് സംസ്ഥനങ്ങളെ അപേക്ഷിച്ച് കൂടുതലാണ്. അതു കാരണം ഗുണനിലവാരം കൂടുതലുള്ള ഉപഭോഗ വസ്തുക്കളാണ് കേരളത്തിൽ ജനങ്ങൾ കൂടുതലായി ഉപയോഗിക്കുന്നത്. ആത്യന്തിക ഉപഭോക്താവ് ഉപഭോഗം ചെയ്യപ്പെടുന്ന സാധന സാമഗ്രികളുടെ ചില്ലറ വിൽപ്പന വിലയാണ് വില നിലവാര സൂചിക കണക്കാക്കുന്നതിന് ആധാരമായി എടുത്തിട്ടുള്ളത്. ആയതിനാലാണ് കേരളത്തിലെ വില നിലവാര സൂചിക പോയിന്റുകൾ ദേശീയ ശരാശരിയെ അപേക്ഷിച്ച് കൂടുതലായി കാണുന്നത്. |

സെക്ഷൻ ഓഫീസർ